**സ്വകാര്യ നിലയങ്ങളിൽ നിന്ന് വാങ്ങിയ വൈദ്യുതി**

**103 (3903)** ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം വൈദ്യുതി ക്ഷാമ സമയത്ത് ബോർഡിന്റെ താപനിലയങ്ങളിൽ ഉൽപ്പാദനം കുറച്ചുകൊണ്ട് സ്വകാര്യനിലയത്തിൽ നിന്നും വൈദ്യുതി വാങ്ങിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏത് സ്വകാര്യസ്ഥാപനങ്ങളിൽ നിന്നാണ് വൈദ്യുതി വാങ്ങിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇതുമൂലം ബോർഡിന് എത്ര കോടി രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇല്ല.

(ബി&സി) പ്രസക്തമല്ല.

**1995-ന് ശേഷമുള്ള സംസ്ഥാനത്തെ പവർ പർച്ചേഴ്സ് എഗ്രിമെന്റുകൾ**

**104 (3904)** ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1995-ന് ശേഷമുള്ള സംസ്ഥാനത്തെ പവർ പർച്ചേഴ്സ് എഗ്രിമെന്റുകൾമൂലം വൈദ്യുതി ബോർഡിന് ഉണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യതകൾ എത്രയാണ് ; ഓരോവർഷത്തേയും കണക്കുകൾ വിശദമാക്കുമോ ;

(ബി) കായംകുളം എൽ. ടി. പി. സി., സി. എ സ്. ഇ. എ സ്. എന്നീ സ്ഥാപനങ്ങളുമായി വൈദ്യുതി ബോർഡ് പവർ പർച്ചേഴ്സ് എഗ്രിമെന്റ് ഉണ്ടാക്കിയിട്ടുണ്ടോ ;

(സി) എങ്കിൽ വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ഡി) ഈ എഗ്രിമെന്റുകൾ പ്രകാരം കെ.എസ്.ഇ.ബി.-ക്ക് ഇതുവരെ ഉണ്ടായ ചെലവുകൾ ഓരോ വർഷവും എത്രയെന്ന് വെളിപ്പെടുത്തുമോ ;

(ഇ) വൈദ്യുതി വാങ്ങിയില്ലായെങ്കിലും ഫിക്സഡ് ചാർജ് ഇനത്തിൽ നിശ്ചിത തുക നൽകണമെന്ന് ഏതൊക്കെ സ്ഥാപനങ്ങളുമായി കരാറുണ്ടാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly